# Launch of BRICS 2021 Website

February 19, 2021

# ബ്രിക്സ് 2021 വെബ്സൈറ്റ് സമാരംഭിച്ചു.

ഫെബ്രുവരി 19, 2021

സുഷമ സ്വരാജ് ഭവനിലെ ബ്രിക്സ് സെക്രട്ടറിയേറ്റിൽ BRICS 2021 വെബ് സൈറ്റായ www.brics2021.gov.in ന് വിദേശകാര്യമന്ത്രി ഡോ എസ് ജയശങ്കർ തുടക്കം കുറിച്ചു.

BRICS 15-ാം വാർഷികം ആഘോഷിക്കുന്ന ഘട്ടത്തിലാണ് 2021 ലെ BRICS അധ്യക്ഷസ്ഥാനം ഇന്ത്യ ഏറ്റെടുക്കുന്നത്. ബ്രിക്സ് @ 15 എന്ന വിഷയത്തിന് കീഴിൽ: ബ്രിക്സിനകത്തെ സഹകരണത്തിൽ തുടർച്ച, ഏകീകരണം, സമവായം എന്നിവയിലൂടെ സഹകരണം ശക്തിപ്പെടുത്തുന്നതിലാണ് ഇന്ത്യയുടെ സമീപനം കേന്ദ്രീകരിച്ചിരിക്കുന്നത്. ബഹുരാഷ്ട്ര സംവിധാന പരിഷ്കരണം, തീവ്രവാദ പ്രതിരോധ സഹകരണം, സുസ്ഥിര വികസന ലക്ഷ്യങ്ങൾക്കായുള്ള സാങ്കേതിക, ഡിജിറ്റൽ പരിഹാരങ്ങൾ, മെച്ചപ്പെടുത്തിയ പി 2 പി സഹകരണം എന്നിവയാണ് ബ്രിക്സിന്റെ ഈ വർഷത്തെ മുൻഗണനകളിൽ ഉൾപ്പെടുന്നത്.

ഈ വെബ്സൈറ്റ് സമയാനുസൃതവും ക്രിയാത്മകവുമായ വിവര ശേഖരം സൂക്ഷിക്കുകയും രേഖകൾ,പത്രപ്രസ്താവനകൾ, മീഡിയ ഗാലറി എന്നിവയുൾപ്പടെയുള്ള സമകാലികമായ വിവരങ്ങൾ പ്രദർശിപ്പിക്കുകയും വർഷാവർഷങ്ങളിൽ ആസൂത്രണം ചെയ്യുന്ന ഇവന്റുകൾക്കായുള്ള രജിസ്ട്രേഷൻ പ്ലാറ്റ്ഫോം ആയി പ്രവർത്തിക്കുകയും ചെയ്യുന്നതാണ്.

**ന്യൂ ഡൽഹി**
**19 ഫെബ്രുവരി, 2021**

DISCLAIMER: This is an approximate translation. The original is available in English on MEA’s website and may be referred to as the official press release.